ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പഴശ്ശിപദ്ധതിയുടെയും കുറിയാടി പദ്ധതിയുടെയും അനുഭവം ഒന്നുതന്നെയാണ്. കഴിഞ്ഞവർഷം അലോട്ടുചെയ്തിട്ടുള്ളതിന്റെ 60 ശതമാനം മാത്രമേ ഈ വർഷം അലോട്ടുചെയ്തിട്ടുള്ളൂ. അതിനുമുൻപുള്ള വർഷത്തിന്റെ പകുതി മാത്രമാണ് കഴിഞ്ഞവർഷം ഉണ്ടായിരുന്നത്. അടുത്തവർഷവും ചുരുങ്ങിപ്പോകുകയാണെങ്കിൽ എന്തായിരിക്കും സ്ഥിതിയെന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: വാമനപുരം നദീതടപദ്ധതി നാലാംപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമെന്നു ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്. ഇന്നു അതു ഏതു നിലയിലാണ്?

ശ്രീ പി. രാമുണ്ണിക്കുറുപ്പ്: ഡീറ്റയിൽഡ് ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അതിനുശേഷമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരമമായ തീരുമാനമെടുക്കുന്നതു. അതിനെപ്പറ്റിയുള്ള കത്തിടപാടുകൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: കൺട്രാക്ടർമാർക്കു സംഖ്യ കൊടുക്കാത്തതുകൊണ്ടു അവർ ഗവണ്മെന്റിന്റെ പേരിൽ കേസ് കൊടുക്കാൻപോകുന്നുവെന്നാണറിയുന്നതു. അതുകൊണ്ടു ആവശ്യമായ നടപടി ഗവണ്മെന്റു സ്വീകരിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ആദ്യംതന്നെ പ്രവർത്തനം സ്തംഭിച്ചിട്ടില്ല എന്നു പറഞ്ഞതിന്റെ അർത്ഥം സംഖ്യ കൊടുക്കാതെയും കൺട്രാക്ടർമാർ പ്രവർത്തിക്കുന്നു എന്നുള്ളതുകൊണ്ടാണു. കൺട്രാക്ടർമാർക്കു സംഖ്യ മുഴുവൻ കൊടുക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതു ശരിയാണ്.

ശ്രീ. ബി. മാധവൻ നായർ: മേജർ ഇറിഗേഷൻ പദ്ധതികളുമായി ബന്ധപ്പെട്ട ചില ചാനലുകൾ തീരുന്നതിനെ സംബന്ധിച്ചു മലബാർ പ്രദേശത്തെ കൃഷിക്കാർ നിലവിലുള്ള ആക്ടനുസരിച്ചു 25 ശതമാനം കോൺട്രിബ്യൂഷനാണു കൊടുക്കുന്നതു. എന്നാൽ തിരുകൊച്ചിയിൽ 50 ശതമാനം കോൺട്രിബ്യൂഷൻ കൃഷിക്കാർ കൊടുക്കണം. രണ്ടുംകൂടി ഏകീകരിക്കുന്ന കേരളാ ഇറിഗേഷൻ ആക്ടു് എന്നേയ്ക്കാണു് ഈ സഭയിൽ കൊണ്ടുവരാനുദ്ദേശിക്കുന്നതു്?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അടുത്ത നിയമസഭാസമ്മേളനത്തിൽ അവതരിപ്പിച്ചു് പാസ്സാക്കിയെടുക്കണമെന്നാണു് ഗവണ്മെന്റിന്റെ ആഗ്രഹം.

സഹകരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർ

* 78. [204] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവും സഹകരണവുംമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർക്കു് കാമൺ കേഡർ രൂപീകരിക്കാനായി നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടു് ഗവണ്മെന്റിനു് എന്നാണു് ലഭിച്ചതു്;

(ബി) ഈ റിപ്പോർട്ടിന്മേൽ സർക്കാർ എന്തു നടപടികളാണു് സ്വീകരിച്ചു;

(സി) ഓരോ വിഭാഗം സഹകരണസംഘങ്ങൾക്കും പ്രത്യേകം കേഡർ വേണമെന്നാണോ റിപ്പോർട്ടു്?

ജലസേചനവും സഹകരണവുംമന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പ്)

(എ) 8–7–1969–ൽ ലഭിച്ചു.

(ബി) റിപ്പോർട്ടു് ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

(സി) റിപ്പോർട്ടു് ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുന്നതിനാൽ അതിന്റെ ഉള്ളടക്കം ഇപ്പോൾ വെളിപ്പെടുത്തുന്നതു് ശരിയാണെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: നമ്മുടെ സംസ്ഥാനത്തെ എല്ലാ സഹകരണസംഘങ്ങളിലും പണിയെടുക്കുന്ന ഉദ്ദേശം രണ്ടുലക്ഷത്തി നാൽപ്പതിനായിരത്തോളം വരുന്ന സഹകരണജീവനക്കാരുടെ സേവനസ്ഥിരതയും നോട്ടീസ് കൂടാതെ പിരിച്ചുവിടുന്നതിനു് ഇന്നു നിലവിലുള്ള നടപടികൾക്കു മാറ്റം വരുത്തുന്നതിനും എന്തു ചെയ്യാനാണു് ഗവണ്മെൻറുദ്ദേശിക്കുന്നതെന്നു പറയാമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അതിനു ശരിയായ നീബന്ധനകളുണ്ടു്. ഒരു സൊസൈറ്റി ഒരുദ്യോഗസ്ഥനെ അന്ധധികൃതമായി പിരിച്ചുവിടുകയോ അല്ലെങ്കിൽ വേദനിപ്പിക്കുന്ന മറ്റേതെങ്കിലും നടപടികളും സ്വീകരിക്കുകയോ ചെയ്താൽ അതിന്മേൽ ഡിപ്പാർട്ടുമെൻറിനു് നടപടിയെടുക്കുന്നതിനുള്ള അധികാരമുണ്ടു്. ഡിപ്പാർട്ടുമെൻറിന്റെ നിദ്ദേശം സ്വീകരിക്കുവാൻ സൊസൈറ്റി ബാധ്യസ്ഥമാണു്. ഡിപ്പാർട്ടുമെൻറിൽനിന്നും നീതി ലഭിച്ചില്ലെങ്കിൽ അപ്പീൽ കൊടുക്കുന്നതിനുള്ള സൗകര്യവുമുണ്ടു്. ഇങ്ങനെ ജീവനക്കാരുടെ അവകാശങ്ങളും സംരക്ഷിക്കുവാനുള്ള സാദ്ധ്യത ആക്ടിൽ ഒത്തുക്കിനിർത്താൻ സാധിച്ചിട്ടുണ്ടു്.

ശ്രീ. പി. രവീന്ദ്രൻ: സാമ്പത്തികമായി വൈഷമ്യം അനുഭവിക്കുന്ന സൊസൈറ്റികൾക്കു് എന്തെങ്കിലും തരത്തിലുള്ള സഹായധനം നൽകാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: നീക്കിവച്ച സംഖ്യ ഉണ്ടെങ്കിൽ ഒരു മാനേജീരിയൽ സബ്സിഡി കൊടുക്കുന്നതിനു് ഉദ്ദേശമുണ്ടു്. അതിനപ്പുറം ഒന്നുംതന്നെ ഇല്ല.

ശ്രീ. കെ ജി. കുഞ്ഞുകൃഷ്ണപിള്ള: ഈ കാമൺകേഡർ കമ്മിറ്റി റിപ്പോർട്ടും സഹകരണ ആക്റ്റനുസരിച്ചു് ഉണ്ടാക്കിയിട്ടുള്ള റൂളും വച്ചുനോക്കുമ്പോൾ പല കുഴപ്പങ്ങളും കാണാൻ കഴിയുന്നുണ്ടു്. ഈ കുഴപ്പം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അതു പരിഹരിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: റിപ്പോർട്ടു് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. ഇതു സംബന്ധിച്ചു് പല അഭിപ്രായവ്യത്യാസങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ടു് കിട്ടിയ നിവേദനങ്ങളും പരിശോധിച്ചിട്ടാണു് റിപ്പോർട്ടു തയ്യാറാക്കിയതു്. ഈ അഭിപ്രായവ്യത്യാസങ്ങളും റിപ്പോർട്ടിന്റെ ഉള്ളടക്കവും പരിശോധിച്ചുനോക്കിയതിനുശേഷം ഗവണ്മെൻറു് ചെയ്യാൻ ഉദ്ദേശിക്കുന്ന നടപടിയുടെ കരടു് വീണ്ടും അഭിപ്രായത്തിനുവേണ്ടി പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിക്കുകയാണു്. അങ്ങനെ കഴിയുന്നിടത്തോളം അഭിപ്രായവ്യത്യാസങ്ങളും കുറയ്ക്കുകയെന്നുള്ളതാണു് ഗവണ്മെൻറിന്റെ ആഗ്രഹം.

ശ്രീ. പി. കുട്ടിക്കൃഷ്ണൻ നായർ: സഹകരണസംഘങ്ങളെ ക്ലാസ്സിഫൈ ചെയ്തു അതനുസരിച്ചുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും അതനുസരിച്ചുള്ള ശമ്പളം കൊടുക്കുകയും ചെയ്യാൻ വല്ല വ്യവസ്ഥയും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അതു് ആക്റ്റിൽതന്നെ ഉൾക്കൊള്ളുന്നുണ്ടു്. ഈ ആക്റ്റിന്റെ അടിസ്ഥാനത്തിൽ ഓരോന്നും ക്ലാസ്സിഫൈ ചെയ്തു് അതനുസരിച്ചുള്ള ശമ്പളവും സ്റ്റാഫ് പാറ്റേണും നിശ്ചയിക്കുന്നതിനു് രജിസ്ട്രാർ സഹകരണസംഘങ്ങളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ടന്ന യൂണിയനുകളുമായി ആലോചിച്ചു വേണ്ടതു ചെയ്യുന്നതാണു്. അതിനുള്ള വ്യവസ്ഥ സഹകരണ ആക്റ്റിൽതന്നെ ഉൾക്കൊള്ളുന്നുണ്ടു്.

ശ്രീ. എം. രാമുണ്ണി: സൂപ്പർ മാർക്കറ്റുകളിലെ നിയമനങ്ങളും ആരാണു്, എങ്ങനെയാണു് നടത്തുന്നതു്. ഈ കാര്യത്തിൽ പല ഡയറക്ടർ ബോർഡിനെയും സൂപ്പർസീഡു ചെയ്യുകയും മന്ത്രി ഇത്തരം കാര്യങ്ങളിൽ ഇടപെടുകയും ചെയ്യുന

തായി പരാതിയുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ പരാതിയുടെ വെളിച്ചത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : അതു് ഓരോരുത്തരുടെ സ്വഭാവത്തിനനുസരിച്ചുള്ള ആരോപണമെന്നാണു് എന്റെ അഭിപ്രായം.

മി. സ്പീക്കർ : മന്ത്രി ഇടപെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും മറ്റും ചോദിക്കുന്നതു ശരിയല്ല. ആരോപണമുൾക്കൊള്ളുന്ന ചോദ്യങ്ങളാണ് ചോദിക്കേണ്ടതു്.

ശ്രീ. എം. രാമുണ്ണി : ഇവിടെ ഇങ്ങനെ ധാരാളംപേർ ചോദിക്കുന്നുണ്ടു്.

മി. സ്പീക്കർ : അതിനു് ഉത്തരവും പറഞ്ഞുകഴിഞ്ഞു. ഇങ്ങനെയുള്ള ചോദ്യങ്ങൾ ഇനിമേൽ ചോദിക്കരുതു്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : സഹകരണ ആക്റ്റനുസരിച്ചു് ഉണ്ടാക്കിയിട്ടുള്ള രൂൾസിനു് ഞങ്ങൾ ഭേദഗതി തരുകയും അതിന്റെ ചർച്ച നടക്കുകയും ചെയ്തു എന്നു വരാം. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ പല മാറ്റങ്ങളും വരാനും ഇടയുണ്ടു്. ഉദാഹരണത്തിനു് സക്കിം യൂണിയന്റെ തെരഞ്ഞെടുപ്പും മറ്റും തന്നെയാണു്. അതുകൊണ്ടു് ഇങ്ങനെ ഒരു ചർച്ച നടന്നു് അവസാനമായി ഒരു തീരുമാനമെടുക്കുന്നതുവരെ ഇതു സംബന്ധിച്ചുള്ള നടപടികളും നിറുത്തിവയ്ക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : സക്കിം യൂണിയന്റെ ഘടനയും രൂളുമായിട്ടു് യാതൊരു ബന്ധവുമില്ല. ഇങ്ങനെ ഒരു ചർച്ച നടക്കാനിരിക്കുന്നു എന്നുള്ളതിന്റെ പേരിൽ ഒരു തെരഞ്ഞെടുക്കപ്പെട്ടന്ന ബോഡ്വി അധികാരത്തിൽ വരുന്നതിനെ തടയുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ : രൂളുമായിട്ടു് ബന്ധമില്ലെന്നു് പറഞ്ഞു. പ്രാതിനിധ്യവ്യവസ്ഥയും മറ്റും രൂളിലുണ്ടല്ലോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : പ്രാതിനിധ്യവ്യവസ്ഥ തികച്ചും ആക്റ്റിലാണുള്ളതു്.

Private Hospital

* 79. [205] **Shri S. P. Luiz :** Will the Health Minister be pleased to state :

Are the Government aware that private hospitals are refusing medical aid to victims of road accidents and victims of quarrels ?

Health Minister **(Shri B. Wellingdon).**

Government have not received any complaint in this matter.

ശ്രീ. കെ. എം. ജോർജ്ജ് : എന്തെങ്കിലും ഒരു ആക്സിഡന്റു സംഭവിച്ചു് പ്രൈവറ്റു ഹോസ്പിറ്റലിൽ കൊണ്ടുചെന്നാൽ ഗവണ്മെൻറു് ആശുപത്രിയിൽ കിട്ടുന്നതുപോലേയുള്ള ചികിൽസാ സൗകര്യം കിട്ടാതെ വരുന്നുണ്ടു്. ഇങ്ങനെ സഹായം കിട്ടേണ്ട സമയത്തു് സഹായംകിട്ടാതെ വരുന്നതുകൊണ്ടു് പല വിഷമങ്ങളും ഉണ്ടാകുന്നുണ്ടു്. അതുകൊണ്ടു് ഈ കാര്യം കണക്കിലെടുത്തു് എന്തെങ്കിലും ഏർപ്പാടു് ഉടനടിതന്നെ ചെയ്യാൻ തയ്യാറാകുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അങ്ങനെ ഒരു പരാതി ഗവണ്മെൻറിനു കിട്ടിയിട്ടില്ല. അതുകൊണ്ടു് അതിനെപ്പറ്റി അന്വേഷിച്ചിട്ടുമില്ല.

---

* Question put by Shri K. M. George.

LIBRARY ARCHIVES Kerala Legislative Assembly